**2012-13 വർഷ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന പൊതു പെരുമാറ്റ ചട്ടങ്ങൾ**

1. സ്ഥാനാർത്ഥി ആകുന്നവർക്ക് 75% ഹാജർ ഉണ്ടായിരിക്കണം
2. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്ന തീയതി മുതൽ പെരുമാറ്റചട്ടം നിലവിൽ വരും
3. ഈ കാലയളവിൽ നിലവിലുള്ള കൗൺസിലിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് അവകാശമില്ല.
4. മാഗസിൻ പ്രസിദ്ധീകരിക്കാൻ പാടില്ല.
5. ഇലക്ഷൻ പ്രചരണം നടത്തുന്നതിന് രാവിലെ 9 മണി മുതൽ വൈകീട്ട് 3 മണി വരെ തിയറി ക്ലാസസുകളിൽ മാത്രം അനുവാദം നൽകുന്നതാണ്.
6. ട്രെയിനീസ് ഐഡി കാർഡ് ഉള്ളവർക്ക് മാത്രമേ ക്യാമ്പസിൽ പ്രവേശനത്തിന് അനുവാദമുള്ളൂ.
7. ഇലക്ഷൻ വിജ്ഞാപനം ചെയ്യുമ്പോൾ വോട്ടർപട്ടികയിൽ പേര് നിലവിൽ ഉള്ളവർക്ക് മാത്രമേ മത്സരിക്കുവാനും വോട്ടു ചെയ്യുവാനും അവകാശമുള്ളൂ.
8. വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും മാറ്റം വരുത്തുന്നതിനും പേര് ഒഴിവാക്കുന്നതിനും ഉള്ള അവകാശം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
9. സ്ഥാനാർത്ഥികൾ വ്യക്തിപരമായ ആക്ഷേപങ്ങൾ ഒഴിവാക്കുക
10. ഇലക്ഷൻ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിയമാവലി ലംഘിക്കുന്നവരെ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.
11. ഐ.ടി.ഐ കെട്ടിടങ്ങളിൽ പോസ്റ്റർ ഒട്ടിക്കുകയോ ചുമരെഴുത്ത് നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
12. അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ചു നൽകുന്ന സ്ഥലങ്ങളിൽ കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കേണ്ടതാണ്. അനുവദിക്കുന്ന സ്ഥലം സംബന്ധിച്ച് അതാതു പ്രിൻസപ്പാൾമാർ തീരുമാനം എടുക്കേണ്ടതാണ്.
13. ഇലക്ഷൻ പ്രവർത്തനങ്ങളിലും പ്രചരണത്തിനും പൂർണ്ണ സമാധാന അന്തരീക്ഷം നിലനിൽക്കാൻ എല്ലാ സംഘടന പ്രവർത്തകരും സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്.
14. പ്രാക്ടിക്കൽ ഹാജരുകളിൽ യാതൊരു വിധത്തിലുള്ള പ്രചരണങ്ങളും അനുവദിക്കുന്നതല്ല.
15. ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികളിൽ റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർ

*"ഭരണഭാഷ-മാതൃഭാഷ"*

## വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

നമ്പർ: എഫ്3/31075/2012

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 02/11/2012

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-2012-13 വർഷത്തെ ട്രെയിനീസ് കൗൺസിൽ തിരഞ്ഞെടുപ്പ്-സംബന്ധിച്ച്.

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള എല്ലാ ഐ.റ്റി.ഐകളിലേയും കൊല്ലം ബി.റ്റി.സിയിലേയും ട്രെയിനീസ് കൗൺസിലിലെ ചെയർമാൻ, ജനറൽ സെക്രട്ടറി, കൗൺസിലർ (കെ.എസ്.ഐ.റ്റി.സി) മാഗസിൻ എഡിറ്റർ, ജനറൽ ക്യാപ്റ്റൻ (സ്പോർട്സ്), സെക്രട്ടറി, കൾച്ചറൽ അഫയേഴ്സ് എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്.

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് വിജ്ഞാപനം | - 02-11-12 | |
| വോട്ടർ പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | - 06-11-12 | |
| വോട്ടർ പട്ടികയിലെ പരാതി പരിഹരിക്കൽ | - 07-11-12 | 10 AM-12 P.M. |
| വോട്ടർ പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | - 07-11-12 | 3 P.M |
| നാമനിർദ്ദേശ പത്രിക സമർപ്പണം | - 08-11-12 to15-11-12 | 10 AM-3 P.M |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | - 16-11-12 | 10 AM-1 P.M. |
| സ്ഥാനാർത്ഥി പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | - 16-11-12 | 4.30 P.M |
| നാമനിർദ്ദേശ പത്രിക പിൻവലിയ്ക്കൽ | - 17-11-12 | 3 P.M |
| സ്ഥാനാർത്ഥി പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | - 17-11-12 | 4.30 P.M |
| തിരഞ്ഞെടുപ്പ് | - 23-11-12 | 8 AM-1 P.M |
| ഫലപ്രഖ്യാപനം | - 23-11-12 | |

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സംബന്ധിച്ച് (പേര്,ട്രേഡ്, വിലാസം, തിരഞ്ഞെടുക്കപ്പെട്ട സ്ഥാനം) വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് 26-11-12 നു മുൻപായി ഈ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് സമാധാനപരമായും സുഗമമായും നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമായിരിക്കും.

തിരഞ്ഞെടുപ്പ് ചെലവുകൾക്കുള്ള തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും ഇതോടൊപ്പം അയയ്ക്കുന്നു.

**ട്രെയിനിംഗ് ഡയറക്ടർ**

1. എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും
2. കൊല്ലം ബി.റ്റി.സി. പ്രിൻസിപ്പാളിനും

പകർപ്പ്

തൊഴിലും പുനരധിവാസവും വകുപ്പ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)

ട്രെയിനിംഗ് ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ
ജോയിന്റ് ഡയറക്ടറുടെ സി.എ
സീനിയർ ഫിനാൻസ് ഓഫീസർ
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ
ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്
സീനിയർ സൂപ്രണ്ട് 'ബി' സെക്ഷൻ
ജൂനിയർ സൂപ്രണ്ട് 'സി' സെക്ഷൻ
സ്റ്റോക്ക് ഫയൽ